ܫܘܬܦܐ ܘܡܫܪܝܢܐ ܕܥܕܬܐ ܣܘܪܝܝܬܐ ܐܪܬܘܕܘܟܣܝܬܐ

MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

(Under the Holy Apostolic See of Antioch and All the East) Reg. No. ER/308/07

Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

CIRCULAR NO.M/C/14/2025

MJSSA HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150

Date : 15.09.2025

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,

സൺഡേസ്കൂൾ /ഡിസ്ട്രിക്ട് /ഭദ്രാസന/കേന്ദ്ര ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്,

1. ജീവകാരുണ്യം

എം.ജെ.എസ്.എസ്.എ. ജീവകാരുണ്യപ്രവർത്തനമായ വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 2025 ഒക്ടോബർ 15 മുമ്പായി അയച്ചുതരേണ്ടതാണ്. വിശദവിവരങ്ങൾ സെപ്റ്റംബർ ലക്കം ആത്മദീപം മാസികയിൽ ചേർത്തിട്ടുണ്ട്.

2. ഡേ ഓഫ് ഗിവിംഗ്, പെന്തിക്കൊസ്തി കാണിക്ക

ജീവകാരുണ്യപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി, ജെ.എസ്.വി.ബി.എസ്.ഡേ ഓഫ് ഗിവിംഗും, പ്രസ്ഥാനത്തിന്റെ ധനാഗമമാർഗ്ഗമായ പെന്തിക്കൊസ്തി കാണിക്ക, ശ്രേഷ്ഠ ബാവായുടെ കല്പനപ്രകാരം ബഹുമാനപ്പെട്ട പള്ളികളിൽനിന്നും എം.ജെ.എസ്.എസ്.എയിൽ എത്രയും വേഗം അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. പെന്തിക്കൊസ്തി കാണിക്കവിഹിതം ഡിസ്ട്രിക്റ്റുകൾക്ക് 20%ൽനിന്ന് 30%മായി 2025ൽ വർദ്ധിപ്പിക്കുകയുണ്ടായി. പെന്തിക്കൊസ്തി കാണിക്ക മുഴുവനായും പള്ളികളിൽനിന്നും കളക്ട് ചെയ്യുവാൻ ഇൻസ്പെക്ടർമാർ കൂടുതൽ ശ്രദ്ധ ചെലുത്തുമല്ലോ.

3. വാർഷിക പരീക്ഷ

10, 12 ക്ലാസ്സുകളിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന്, അപേക്ഷ ലഭിക്കുന്ന മുറക്ക് ഇൻസ്പെക്ടറുടെ തീരുമാനപ്രകാരം സഹായിയെ വച്ച് പരീക്ഷ എഴുതിക്കാവുന്നതാണ്. ടി വിവരം യഥാസമയം ഇൻസ്പെക്ടർ ജനറൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. അടിയന്തിര സാഹചര്യത്തിൽ പരീക്ഷസെന്റർ മാറി കുട്ടികൾക്ക് പരീക്ഷ എഴുതേണ്ടിവന്നാൽ, ഇൻസ്പെക്ടറുടെയും ഡയറക്ടറുടെയും ശുപാർശയോടുകൂടി ജനറൽ സെക്രട്ടറിക്ക് അപേക്ഷ നൽകി പരീക്ഷ എഴുതാവുന്നതും പ്രസ്തുത പേപ്പർ ഡീമാർക്ക് ചെയ്ത് എം.ജെ.എസ്.എസ്.എ.യിൽ എത്തിക്കേണ്ടതാണ്. ചോദ്യപേപ്പർ വാങ്ങുന്നതിനുമുമ്പ് എല്ലാവിധ തുകകളും എം.ജെ.എസ്.എസ്.എയിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ഉദാ. - പെന്തിക്കൊസ്തി കാണിക്ക, ഡേ ഓഫ് ഗിവിംഗ്.

4. കലോത്സവം

2025 ഒക്ടോബർ 11 ന് നടത്തുന്ന എം.ജെ.എസ്.എസ്.എ. കേന്ദ്ര കലോത്സവത്തിൽ സമയക്രമീകരണം അനുസരിച്ച് മത്സരാർത്ഥികളെ എത്തിക്കേണ്ടതാണ്. മത്സരത്തെക്കുറിച്ച് എന്തെങ്കിലും പരാതി ഉണ്ടായാൽ ബന്ധപ്പെട്ട ഭദ്രാസന ഡയറക്ടർ മുഖേന ജൂറി ഓഫ് അപ്പീലിന് പരാതി സമർപ്പിക്കാവുന്നതാണ്. മറ്റാർക്കും ആയതിനുള്ള അനുവാദം ഇല്ലാത്തതാകുന്നു. പ്രോഗ്രാം നോട്ടീസ് പിന്നീട് അയക്കുന്നതായിരിക്കും. ട്രോഫികൾ കൊണ്ടുപോയിട്ടുള്ളവർ സെപ്റ്റംബർ 30നു മുമ്പായി തിരികെ എം.ജെ.എസ്.എസ്.എ.യിൽ എത്തിക്കേണ്ടതാണ്.

5. അഖില മലങ്കര അദ്ധ്യാപകസംഗമം

2-ാമത് അഖിലമലങ്കര അദ്ധ്യാപക സംഗമം 2025 നവംബർ 8 ശനിയാഴ്ച, അങ്കമാലി ഭദ്രാസനം അങ്കമാലി മേഖല, പീച്ചാനിക്കാട് സെന്റ് പീറ്റേഴ്സ് പള്ളിയിൽവച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. കൾച്ചറൽ പ്രോഗ്രാം അവതരിപ്പിക്കുവാൻ ഓരോ ഭദ്രാസനത്തിനും 10 മിനിറ്റ് വീതം അനുവദിക്കുന്നതാണ്. സമയം പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെ.

പ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ നല്ല പ്രവർത്തനങ്ങൾക്ക് എല്ലാ കൂട്ടുവേലക്കാരുടെയും പ്രാർത്ഥനയോടെയുള്ള പ്രവർത്തനസഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

കർത്താവിൽ എളിയ ശുശ്രൂഷകൻ,

പി. വി. ഏലിയാസ്
ജനറൽ സെക്രട്ടറി
ഫോൺ: 9446138868, 9526870749